സ്ഫോടകശക്തിയുള്ള ഇന്ധനങ്ങളോ മറ്റ പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നതാണ്.

(സി&ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായത്തിന്റെ കണക്ക് രോഗത്തിന്റെ വിവരം/അത്യാഹിതത്തിന്റെ സ്വഭാവം/ വി.ഐ.പി.കളുടെ ശിപാർശ എന്നിവയനുസരിച്ച് തരംതിരിച്ച് സൂക്ഷിച്ചിട്ടില്ല.

എൻഡോസൾഫാൻ ധനസഹായം

75 (3584) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ പഞ്ചായത്തിൽ എൻഡോസൾഫാൻ ബാധിതയായ കുട്ടി ഉൾപ്പെടെ ഒരു കുടുംബത്തിലെ മൂന്ന് പേർ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് കുടുംബാശ്വാസ സഹായ ധനത്തിന് അപേക്ഷ നൽകിയിരുന്നുവെങ്കിലും സഹായധനം വർഷങ്ങൾ കഴിഞ്ഞിട്ടും അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; വനം വകുപ്പ് മന്ത്രിയുൾപ്പെടെയുള്ളവർ വീട് സന്ദർശിച്ച് വാഗ്ദാനങ്ങൾ നൽകിയിട്ടും സഹായധനം ലഭ്യമാക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ വില്ലേജിലെ മുണ്ടക്കണ്ടം പ്രദേശത്ത് മാപ്പിടിച്ചേരി വീട്ടിൽ താമസിക്കുന്ന ശ്രീ. കെ. തമ്പാൻ, ഭാര്യ പത്മിനി, മകൻ കാർത്തിക് എന്നിവർ സ്വകാര്യ ആശുപത്രിയിൽ തുങ്ങി മരിച്ചതായ വിവരം റിപ്പോർട്ട് ചെയ്യപ്പെട്ടതിനെ തുടർന്ന് റവന്യൂ ഉദ്യോഗസ്ഥർ ആശുപത്രിയിൽ പോവുകയും പോസ്റ്റ്മോർട്ടത്തിനും സംസ്കാര ചടങ്ങുകൾക്കും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുകയും അടിയന്തിര സഹായമായി ബന്ധുക്കൾക്ക് 10,000 രൂപ അനുവദിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കുടുംബം എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്ത സാഹചര്യത്തിൽ എൻഡോസൾഫാൻ പുനരധിവാസ പദ്ധതി മുഖേന പ്രത്യേക ധനസഹായം ബന്ധുക്കൾക്ക് അനുവദിച്ച് നൽകിയിരുന്നില്ല.

ദുരിതാശ്വാസനിധി

76 (3585) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന തുക അപേക്ഷകന് എത്രയും വേഗം ലഭ്യമാകുന്ന രീതിയിൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly